# കുടുംബശ്രീ
## തിരുവനന്തപുരം ജില്ലാമിഷൻ

**പട്ടിക വർഗ്ഗ സുസ്ഥിര വികസന പദ്ധതി**
**ഊരിൽ ഒരു ദിനം - പ്രത്യേക അദാലത്ത്**

| | |
|---|---|
| തീയ്യതി: | **04/03/2017** |
| സ്ഥലം: | **വിതുര ഗ്രാമപഞ്ചായത്ത്** |
| വാർഡ്: | **പേപ്പാറ** |
| | **പൊടിയക്കാല ഊര്** |
| കുടുംബങ്ങളുടെ എണ്ണം: | **71** |
| പട്ടിക വർഗ്ഗ ജനസംഖ്യ: | **203** |

അദാലത്തിൽ പങ്കെടുക്കുന്നതിന് കത്ത് നൽകി ക്ഷണിച്ചിരുന്ന വകുപ്പുകളും ഹാജർ നിലയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ്/സ്ഥാപനം | പങ്കെടുത്ത ഉദ്യോഗസ്ഥന്റെ പേര് | പദവി |
|---|---|---|---|
| 1 | സിവിൽ സപ്ലൈസ് | എസ്. ലാലു | താലൂക്ക് സപ്ലൈ ഓഫീസർ നെടുമങ്ങാട് |
| 2 | വനം | പങ്കെടുത്തിട്ടില്ല | |
| 3 | എക്സൈസ് | അജിത് ജെ ദാസ് | എക്സൈസ് ഇൻസ്പെക്ടർ, ഇ.സി.ഓ നെടുമങ്ങാട് |
| 4 | ഐ.ടി.ഡി.പി | ഷിനു.എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 5 | ആരോഗ്യം | Dr. രാജ്കപൂർ | താലൂക്ക് ഹോസ്പിറ്റൽ വിതുര |
| 6 | പോലീസ് | മണികണ്ഠൻ നായർ | അഡീ. എസ്.ഐ വിതുര പോലീസ് സ്റ്റേഷൻ |
| 7 | തഹസിൽദാർ/വില്ലജ് ഓഫീസ് | വൈ. ഷഫീക് | വില്ലജ് ഓഫീസർ വിതുര |
| 8 | സാക്ഷരതാ മിഷൻ | ലില്ലിബായി. റ്റി | സാക്ഷരതാ മിഷൻ പ്രേരക് വിതുര |

| | | | |
|---|---|---|---|
| 9 | ഐ.സി.ഡി.എസ് | അനിതകുമാരി. എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ വിതുര |
| 10 | വൈദ്യുതി | പങ്കെടുത്തിട്ടില്ല | |
| 11 | ജല അതോറിറ്റി | പങ്കെടുത്തിട്ടില്ല | |
| 12 | വിദ്യാഭ്യാസം | പങ്കെടുത്തിട്ടില്ല | |

**ടി പരിപാടിയുടെ ഹാജർ ഷീറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.**



**ബഹു. തിരുവനന്തപുരം ജില്ലാ കളക്ടർ വിതുര ഗ്രാമപഞ്ചായത്തിലെ പൊടിയക്കാല ഊരിലേക്കുള്ള യാത്രാ മദ്ധ്യേ.**

കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ വിതുര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പൊടിയക്കാല എന്ന ഊരിൽ ബഹു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ അദാലത്ത് സംഘടിപ്പിച്ചു. ആരോഗ്യം, എക്സൈസ്, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ITDP ഉദ്യോഗസ്ഥർ, ICDS പ്രതിനിധികൾ, സാക്ഷരതാ മിഷൻ പ്രതിനിധികൾ, പ്രാദേശിക പോലീസ് അധികാരികൾ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, ജില്ലാ മിഷൻ പ്രതിനിധികൾ, CDS പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

വിതുര ഗ്രാമപഞ്ചായത്ത് വൈ. പ്രസിഡന്റ് ശ്രീ. അനിൽകുമാർ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി SL കൃഷ്ണ കുമാരി ചടങ്ങ് ഉദ്ഘാടനം ചെയ്തു, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. KR. ഷൈജു സ്വാഗതം പറയുകയും, CDS ചെയർപേഴ്സൺ ശ്രീമതി സിന്ധു കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. കുടുംബശ്രീ അസി. ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീ സെൽവ ദാസ്.L - ന്റെ സജീവ സാന്നിദ്ധ്യം പരിപാടിയിൽ ഉണ്ടായിരുന്നു. ബഹു. ജില്ലാ കളക്ടർ ജനങ്ങളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിക്കുകയും പരിഹാരം നിർദേശിക്കുകയും ചെയ്തു.



അദാലത്തിൽ പങ്കെടുക്കുന്നതിന് എത്തിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഊര് നിവാസികളും.

റേഷൻ കാർഡ് ഇല്ലാതിരുന്ന 12 പട്ടികവർഗ്ഗ അംഗങ്ങൾക്ക് സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹായത്തോടെ താൽക്കാലിക റേഷൻ കാർഡ് വിതരണം ചെയ്തു. പ്രധാന റോഡിൽ നിന്നും 5 കിലോമീറ്റർ ഉള്ളിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത ഊരിലെ ജനങ്ങൾക്ക് ടി പരിപാടി പുതിയ ഒരനുഭവമായി. വകുപ്പുകളിൽ നേരിട്ട് എത്തി പരാതി നൽകാൻ കഴിയാത്ത ഊര് നിവാസികളുടെ അടുക്കലേക്ക് ബഹു. ജില്ലാ കളക്ടർ നേരിട്ട് എത്തുന്നത് വലിയ ആശ്വാസമായി. അടിസ്ഥാനപരമായ ഒട്ടനവധി പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് എത്രയും വേഗം പരിഹാരം കാണണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ജില്ലാ കളക്ടർ നിർദേശിച്ചു. വൈകുന്നേരം 4.00 മണിയോടെ പരിപാടി അവസാനിച്ചു



പൊടിയക്കാല ഊരിൽ റേഷൻ കാർഡ് ഇല്ലാതിരുന്ന കുടുംബങ്ങൾക്ക് ബഹു. കളക്ടർ താത്കാലിക റേഷൻ കാർഡ് നൽകുന്നു.

<u>ഊര് നിവാസികൾ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നങ്ങൾ</u>

1. ഊരിലെ 14 വീടുകളിൽ വൈദ്യുതി കണക്ഷൻ ഇല്ല
2. ഊരിലേക്കുള്ള വഴിയിൽ പുറത്തുള്ളവർ വന്ന് മദ്യപിക്കുന്നു. സ്ത്രീകളുൾപ്പെടെയുള്ളവരോട് അപമര്യാദയായി സംസാരിക്കുന്നു.
3. 24 വീടുകൾക്ക് ശൗചാലയമില്ല, 8 വീടുകളിൽ ശൗചാലയം തകരാറിലാണ്.
4. ഊരിൽ ഒരു പി.എച്.സി സബ്സെന്റർ ആവശ്യമാണെന്ന് ഊരുമൂപ്പൻ ശ്രീകുമാർ അറിയിച്ചു.
5. ഊര് നിവാസികൾക്ക് അടിയന്തര സാഹചര്യമുണ്ടായാൽ വാഹനം ഉൾപ്പെടെ വിളിക്കുന്നതിന് യാതൊരുവിധ ക്രമീകരണങ്ങളും ഇല്ല. (ടെലിഫോൺ - ലാൻഡ് ലൈൻ കണക്ഷൻ ഇല്ല, മൊബൈൽ ഫോണിന് കവറേജ് ഇല്ല)
6. ഊരിൽ താമസിക്കുന്ന ബാബു കാണി വീട് പണിയുന്നതിന് അടങ്കൽ നൽകിയിരുന്നു. എന്നാൽ അടങ്കൽ പണി ചെയ്യുന്നതിന് സമ്മതിച്ച് കാശ് വാങ്ങിയ ജോലിക്കാരൻ പണി പൂർത്തിയാക്കുന്നതിന് കൂട്ടാക്കുന്നില്ല




ബഹു ജില്ലാ കളക്ടർ ഊര് നിവാസികളിൽ നിന്നും നേരിട്ട് പരാതികൾ സ്വീകരിക്കുന്നു.

7. ഊരിലെ കുട്ടികളെ പത്ത് കിലോമീറ്ററോളം ദൂരത്തിൽ മീനാങ്കൽ വരെ കൊണ്ടുപോയിട്ടാണ് അങ്കണവാടിയിൽ പഠിപ്പിക്കുന്നത്.
8. വന്യമൃഗ ശല്യമുള്ളതിനാൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല.
9. കിടങ്ങ് ചില പ്രദേശങ്ങളിൽ മാത്രം ഉണ്ടെങ്കിലും എല്ലാ ഇടങ്ങളിലും ഇല്ലാത്തതിനാൽ പ്രയോജനം ലഭിക്കുന്നില്ല.
10. വൈദ്യുതി വേലി ശരിയായി പ്രവർത്തിക്കുന്നില്ല.
11. ഊരിലേക്ക് ഒരു ദിവസം മൂന്ന് തവണ മാത്രമാണ് ബസ് വന്നു പോകുന്നത്.

12. സർക്കാർ പദ്ധതികളിലൂടെയും സ്ഥാപനങ്ങളിലെയും ലഭിച്ച വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ തടി എടുക്കുന്നതിന് വനം വകുപ്പ് അനുവദിക്കാത്തതിനാൽ പണി തടസ്സപ്പെട്ടു കിടക്കുന്നു.

13. ഊരിൽ ഒരിടത്തും പൊതു ടാപ്പ്, ടാങ്ക്, വാട്ടർ കണക്ഷൻ എന്നിവ ഇല്ല.

14. ഊരിലേക്കുള്ള റോഡിലൂടെ ഒരു വാഹനത്തിന് കഷ്ടിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണുള്ളത്. എതിരെ വാഹനം വന്നാൽ പോകുന്നതിനുള്ള സൗകര്യം ഇല്ല.

<u>വകുപ്പ് തല ഉദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ</u>

ഊരിൽ റേഷൻ കാർഡ് ഇല്ലാത്ത 12 കുടുംബങ്ങൾക്ക് താൽക്കാലിക റേഷൻ കാർഡ് നൽകി.

താലൂക്ക് ആശുപത്രി വിതുര, മാസത്തിൽ ഒരു തവണ പട്ടികവർഗ്ഗ മെഡിക്കൽ ക്യാമ്പ് നടത്താമെന്ന ഉറപ്പ് നൽകി

വിതുര പോലീസ് സ്റ്റേഷനിൽ നിന്നും പാലോട് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 05/03/2017 ഊരിൽ യോഗം സംഘടിപ്പിക്കാമെന്ന് അറിയിച്ചു. യോഗത്തിൽ ചർച്ച ചെയ്ത് കൈകൊള്ളുന്ന തീരുമാനങ്ങൾക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.

എക്സൈസ് വകുപ്പിൽ നിന്നും കൂടുതൽ ഇടപെടൽ ഈ മേഖലയിൽ ഉണ്ടാകുമെന്ന് അറിയിച്ചു. പട്രോളിങ് ഉൾപ്പെടെ ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്.